## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8151 | 24.07.2012- ൽ മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതിന് 2011 ജൂലൈയിൽ കേരള പ്രൊഡക്ടിവിറ്റി കൗൺസിൽ പരീക്ഷ നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെ നിയമനം നടത്തണമെന്നുള്ള കോടതിയുടെ ഡബ്ള്യൂ.പി.സി.നം.1699/2012 ഓർഡർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. എന്നാൽ ഇക്കാര്യത്തിൽ 02.07.2012-ലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം WP(C)നമ്പർ 1699/12-ലെ അന്തിമ വിധിക്ക് വിധേയമായി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷനിൽ വർക്കർ നിയമനത്തിനായി കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ അന്തിമവിധി വരുന്നതുവരെ വർക്കർ തസ്തികയിൽ പ്രൊവിഷണലായി ആരെയും നിയമിക്കരുതെന്നും ബഹു.ഹൈക്കോടതി ഉത്തരവായി. |
| (ബി) കോടതി ഉത്തരവ് നിലനിൽക്കെ മേൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിന് പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് വരുന്നതിന് മുൻപ് തന്നെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രസ്തുത തസ്തികകളിലേയ്ക്ക് സുതാര്യത ഉറപ്പ് വരുത്തി നിയമനം നടത്തുന്നതിനായി സർക്കാർ റിയാബിനെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ചുള്ള നിയമന നടപടികൾ പൂർത്തിയായിട്ടില്ല. നിയമനങ്ങൾ സംബന്ധിച്ച കേസുകൾ നിലവിലുള്ളതിനാൽ ബഹു ഹൈക്കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിലായിരിക്കും തുടർ നടപടികൾ സ്വീകരിക്കുന്നത്. |

| | |
|---|---|
| (ഡി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതിനെ തുടർന്ന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) അടുത്ത മൂന്ന് മാസത്തിനുള്ളിൽ യൂണിറ്റുകളിലേയ്ക്കുള്ള നിയമനങ്ങൾ പൂർത്തിയാക്കി വ്യാവസായിക ഉത്പാദനം പൂർണ്ണതോതിൽ പ്രവർത്തനക്ഷമം ആക്കാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**